കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

ഇ-മെയിൽ – dopkd.ksad@kerala.gov.in
Phone – 04912520145
www.ksad.kerala.gov.in

# ആനക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
## 2018-19

നം. കെ.എസ്.എ-പികെഡി20/111/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 27.02.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആനക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :
ആനക്കര ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23,

1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി20/111/2021 തീയതി – 27.02.2021

## പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29-05-2019 മുതൽ 10-11-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-11-2020 മുതൽ<br>19-11-2020 വരെ |
| കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ<br>(ഹ.ഗ്രേഡ്) |
| ബിജു ആന്റണി യു | അസിസ്റ്റന്റ് ഓഡിറ്റ് |

| | |
|---|---|
| | ഓഫീസർ |
| ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| എസ്. ഷഹീർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സിന്ധു രവീന്ദ്രകുമാർ | 1-4-18 മുതൽ 31-3-19 വരെ |
| സെക്രട്ടറി | മിഥുൻ കൈലാസ് സി.എ | 1-4-18 മുതൽ 4-4-18 വരെ |
| | ആർ. അമ്പിളി | 5-4-18 മുതൽ 21-6-18 വരെ |
| | മനോജ് പി | 22-6-18 മുതൽ 31-3-19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ധന്യ ടി | 1-4-18 മുതൽ 24-1-19 വരെ |
| | സുനിൽ കെ.പി | 25-1-19 മുതൽ 31-3-19 വരെ |
| വി.ഇ.ഒ -I | നിസാർ എ.പി | 1-4-18 മുതൽ 31-3-19 വരെ |
| വി.ഇ.ഒ - II | സ്മിത എസ് | 1-4-18 മുതൽ 31-3-19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശാന്തകുമാരി | 1-4-18 മുതൽ 31-3-19 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | റഫീക്ക് ടി.എം | 1-4-18 മുതൽ 25-6-18 വരെ |
| | വിപിൻ ദാസ് എസ്.എസ് | 26-06-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | ഡോ. റജീന എം.കെ | 1-4-18 മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. എ.സുജിത്ത് | 1-4-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.സുമി എസ് | 1-4-18 മുതൽ 31-3-19 |

| | | |
|---|---|---|
| | | വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.വിനോദ് | 1-4-18 മുതൽ 31-05-18 വരെ |
| | ഡോ.എ.സി.ഡേവിഡ | 1-6-18 മുതൽ 31-3-19 |
| ഹെഡ്മിസ്ട്രസ് | രവി ജി.വി | 1-4-18 മുതൽ 31-3-19 വരെ |
| അസി.സെക്രട്ടറി | അമ്പിളി ആർ | 1-4-18 മുതൽ 4-12-18 വരെ |
| | ആശ കമാൽ | 5-12-18 മുതൽ 31-3-19 വരെ |

## <u>ഉള്ളടക്കം</u>

ഭാഗം 1

## <u>ഓഡിറ്റ് റിപ്പോർട്ട്</u>

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |

| | | |
|---|---|---|
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-10 |
| 11 | വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-11 |
| 12 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-12 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-13 |
| 14 | വാടക -അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-14 |
| 15 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികതി കുറവായി നിർണ്ണയിച്ചു - കുറവായ തുക ഈടാക്കേണ്ടതാണ് | 1-15 |
| 16 | ക്യാഷ്ബുക്ക് സൂക്ഷിക്കുന്നതിൽ ചട്ടം പാലിക്കേണ്ടതാണ് | 1-16 |
| 17 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-17 |
| 18 | തെരുവ് ടാപ്പുകൾ നടത്തിപ്പ് കാര്യക്ഷമമല്ല. | 1-18 |
| 19 | തെരുവ് വിളക്കുകളുടെ സ്ഥിതി വിവര കണക്കുകൾ സൂക്ഷിച്ചിട്ടില്ല. | 1-19 |
| 20 | കുടിവെള്ള കണക്ഷന്റെ ചെലവ് വിവരങ്ങൾ/ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഗുണഭോക്താക്കളിൽ നിന്ന് ലഭ്യമാക്കാതെ ആനുകൂല്യം നൽകിയിരിക്കുന്നു. | 1-20 |
| 21 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല. | 1-21 |
| 22 | തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ തുക നൽകിയിരിക്കുന്നു. | 1-22 |
| 23 | ഇ-ടെൻഡർ ഇനത്തിൽ ലഭ്യമായ തുക തനത് ഫണ്ടിൽ അടവാക്കേണ്ടതാണ് | 1-23 |

| | | |
|---|---|---|
| 24 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-24 |
| 25 | തൊഴിലുറപ്പ് പദ്ധതി – അവലോകനം | 1-25 |

ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഒന്നുമില്ല

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഒന്നുമില്ല

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| | | |

| | | |
|---|---|---|
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. വാർഷികക്കണക്കുകളുടെ പരിശോധനാ സാക്ഷ്യപത്രം
2. ഓഡിറ്റ് ചെയ്ത വരവ്-ചെലവ് പത്രികകളുടെ സംക്ഷിപ്തം

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 16/03/2018 തിയതിയിലെ തീരുമാനം 1 (2) പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല. ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1625000 | 267446000 | 269071000 | 267428000 | 1643000 |

യഥാർത്ഥ കണക്കുകളുമായി ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾക്ക് യാതൊരു ബന്ധവും കാണുന്നില്ല. യാഥാർത്ഥ്യബോധത്തോടെയും ആവശ്യമായ പരിശോധനകൾ നടത്തിയും ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 16-5-19 | ----- | ----- |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12549432 |
| വരവ് | 93367814 |
| ആകെ | 105917246 |
| ചെലവ് | 61683854 |
| നീക്കിയിരിപ്പ് | 4423392 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 12126246 | 12126246 | 11289231 | 837015 |
| വികസന ഫണ്ട്-SCP (ACR പ്രകാരം) | | 0 | 13570000 | 13570000 | 10544234 | 3025766 |
| വികസന ഫണ്ട്-TSP (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | | 0 | 1248900 | 1248900 | 9171979 | 3317021 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | | 0 | 3239000 | 3239000 | 2052461 | 1186539 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5629000 | 5629000 | 3727937 | 1901063 |
| ICDS | | 833294 | 476825 | 1310119 | 0 | 1310119 |
| ശുചിത്വ മിഷൻ | | 300200 | 160000 | 460200 | 160000 | 300200 |
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 28955078 | 28955078 | 28955078 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 19099 | 1551011 | 1570110 | 1391680 | 178430 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1474764 | 1794934 | 3269698 | 1474764 | 1794934 |
| | ജില്ലാ പഞ്ചായത്ത് | 1076800 | 1990781 | 3067581 | 1076800 | 1990781 |
| ബി ഫണ്ട് | | 0 | 161760 | 161760 | 161760 | 0 |
| ട്രഷറി ടി.എസ്.ബി a/c | | 8027331 | 35645241 | 43672572 | 3055077 | 40617495 |
| തനത് ഫണ്ട്-ബാങ്ക് | | 4134428 | 8814598 | 12949026 | 8433687 | 4515339 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 270 | 91154892 | 161 | 40582912 | nil | 113 | 59.6 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9 | 5058793 | 2718658 | 53.74 |
| വി.ഇ.ഒ -I | 13 | 11 | 19950466 | 6042743 | 30.28 |
| വി.ഇ.ഒ -II | 3 | 2 | 8882120 | 3835000 | 43.17 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 7 | 4419380 | 3730541 | 84.41 |
| സെക്രട്ടറി | 30 | 16 | 7968212 | 5156548 | 64.71 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 171 | 96 | 34420376 | 13769602 | 40 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 8 | 1820000 | 802647 | 44.10 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 650000 | 650000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 1 | 375000 | 350000 | 93.33 |
| അസി.സെക്രട്ടറി | 10 | 2 | 3583000 | 1095578 | 30,57 |
| വെറ്ററിനറി സർജ്ജൻ | 6 | 4 | 2116500 | 775000 | 36.6 |
| ഹെഡ്മാസ്റ്റർ | 6 | 4 | 1911045 | 1656595 | 86.6 |
| ആകെ | 270 | 161 | 91154892 | 40582912 | 44.52 |

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 131760 | 110 |
| കർഷക തൊഴിലാളി പെൻഷൻ | 2925200 | 741 |
| വിധവാ പെൻഷൻ | 10845400 | 2565 |
| വാർദ്ധക്യകാല പെൻഷൻ | 19979000 | 4648 |
| വികലാംഗ പെൻഷൻ | 3138200 | 723 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 849400 | 206 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 3 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2020 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6505/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

1. ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.
2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.
4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.
5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

9. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടില്ല.

10. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമസഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമസഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമസഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംങ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംങ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല

11. എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18-06-2020 to 19-06-2020 | May-2020 | 19-06-2020 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09-07-2003 | 1997-98 മുതൽ 2002-03 വരെ | 10-9-2003 | ഇല്ല |

1-10 വാർഷിക കണക്കുകളിലെ അപാകതകൾ

<u>ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ</u>

- വാർഷിക കണക്കുകളിൽ M.G.N.R.E.G.S സംബന്ധമായി ചേർത്തിരിക്കുന്ന വിവരങ്ങൾ കൃത്യമല്ല. I-6 ഷെഡ്യൂളിൽ ടി വിവരങ്ങൾ ചേർത്തിട്ടില്ല. തൊഴിൽരഹിത വേതനം, സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം എന്നിവ ഒഴികെയുള്ള ക്ഷേമ പദ്ധതികൾ AFS-ൽ ചേർത്തിട്ടില്ല.

1-11 വസ്തുനികുതി കുടിശ്ശിക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വസ്തുനികുതി ഇനത്തിൽ ആകെ 327428/- രൂപ (തൻവർഷ കുടിശ്ശിക 151391/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 176037/- രൂപ) പഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. നിലവിലെ വസ്തുനികുതി കുടിശ്ശിക വിവരം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07/18.11.2020) താഴെ പറയും പ്രകാരമുള്ള കുടിശ്ശിക നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്.

| ബാക്കി നിലനിൽക്കുന്ന കുടിശ്ശിക | |
|---|---|
| തൻവർഷം | മുൻവർഷം |
| 284387 | 114510 |

വസ്തുനികുതി കുടിശ്ശിക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | പതഞ്ജലി ആയുർവ്വേദ പൊഡക്ട്സ് ലിമിറ്റഡ് | കെ.ജ്യോതികുമാർ, നമ്പട്ടുവളപ്പിൽ വീട് | 2 | 2/18-19 |
| | മലമൽ ആയുർവ്വേദ പൊഡക്ട്സ് ലിമിറ്റഡ് | | 2 | 3/18-19 |
| 2 | മാരിയിൽ ഫർണീച്ചർ | നാരായണൻ നായർ, മാരിയിൽ സരോവരം | 6 | 66/18-19 |
| 3 | ബെയ്സൻ ട്യൂബ്സ് പ്രൈ. ലിമിറ്റഡ് | നിധിഷ് പി, പുത്തുപറമ്പിൽ | 2 | 99/18-19 |
| 4 | കെ എസ് ഹോളോബ്രിക്ക്സ് | സൈതലവി, കട്ടുംങ്ങാകുന്നത്ത് വീട് | 3 | 112/18-19 |
| 5 | IZZI ട്രെഡിങ്സ് (EVOK) | അബ്ദുൾ ഹസീബ്, മുത്തുമുറ്റത്ത് & മുജീബ് റഹ്മാൻ, മേലേതിൽ | 4 | 125/18-19 |
| 6 | ക്വാളിറ്റി ഫുഡ് പ്രൊഡക്ഷൻ | അബൂബക്കർ പി, പറമ്പിൽ | 3 | 130/18-19 |
| 7 | ഫാമിലീസ് | സന്ദീപ് | 3 | 141/18-19 |

| | | | | |
|---|---|---|---|---|
| | ഇംപെക്സ് & സൂപ്പർ മാർക്കറ്റ് | ഗേപാലകൃഷ്ണൻ നായർ, ശ്രീരാഗ് | | |
| 8 | ഗസൽ ഗോൾഡ് പ്രൈ. ലിമിറ്റഡ് | ടി ടി മുഹമ്മദാലി, ഡയറക്ടർ | 2 | 204/18-19 |
| 9 | സ്റ്റാർ ഫുഡ് പ്രൊഡക്ട്സ് | അഷ്റഫ് എം കെ, മനകാവിൽ വീട് | 4 | 232/18-19 |
| 10 | ആഡംസ് ക്ലിനിക്ക് | ഷെബീർ അലി അഹമ്മദ് കെ, കുളത്ത് വീട് | 3 | 244/18-19 |
| 11 | ബൈത്തുൽ അമീൻ ഫ്ലവർ റൈസ് & ഓയിൽ മിൽ | റൂഹുൽ അമീൻ, നമ്പ്രത്ത് വീട് | 8 | 264/18-19 |
| 12 | വെസ്റ്റേൺ ഫൗണ്ടറി & എഞ്ചിനിയറിംഗ് | ബീന രാജേന്ദ്രൻ, വരോട്ട് വീട് | 6 | 281/18-19 |
| 13 | My Dentist ഫാമിലി ഡെന്റൽ കെയർ | ഡോ സജിത്ത്, വെള്ളാട്ടുവളപ്പിൽ വീട് | 3 | 341/18-19 |
| 14 | നിളാ കാറ്ററിംഗ് സർവ്വീസ് | ബിന്ദു കെ വി | 4 | 295/18-19 |
| 15 | ക്രഷർ യൂണിറ്റ് | മുസ്തഫ, പുളിക്കൽ വീട് | 2 | 329/18-19 |
| 16 | അക്ഷയ ജനസേവന കേന്ദ്രം | സീനത്ത് | 2 | 356/18-19 |
| 17 | വി ആർ ഐ ഡിജിറ്റൽ സൂപ്പർ മാർക്കറ്റ് | ആന്തര വളപ്പിൽ മുഹമ്മദ് അലി | 8 | 364/18-19 |

<u>ബി. റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും

തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | എ വി കമറുദ്ദീൻ |
| 2 | മുഹമ്മദ് അലി ഷിജ |
| 3 | പി വേണുഗോപാലൻ |
| 4 | പി കെ സുലൈമാൻ |
| 5 | എം കെ മുരളീധരൻ |
| 6 | ടി കെ രാജൻ |
| 7 | എ വി അനീഷ് |
| 8 | എം രമേഷ് ബാബു |
| 9 | യു വി സിദ്ദീഖ് |
| 10 | ഇ വി അബൂബക്കർ |
| 11 | മുഹമ്മദ് അബ്ദുൾ ശുക്കൂർ |
| 12 | പി പി അബ്ദുൾ സത്താർ |
| 13 | സി കെ യൂസഫ് |
| 14 | വി പി രാജീവ് |
| 15 | വി പി വാസു |
| 16 | കെ മുഹമ്മദ് കുട്ടി |
| 17 | കെ കെ ഷാജി |
| 18 | മണികണ്ഠൻ എം |
| 19 | മൂസക്കുട്ടി ടി എം |
| 20 | ലിപിൻ എം വി |

<u>സി. സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1. വള്ളുവനാട് അൺ ഓർഗനൈസ്ഡ് ബോർഡ് വെൽഫെയർ കോ. സൊസൈറ്റി, ആനക്കര
2. കെ.എസ്.ഇ.ബി. ലിമിറ്റഡ്, കുമ്പിടി
3. ബി.എസ്.എൻ.എൽ., ആനക്കര
4. മാവേലി സ്റ്റോർ, കുമ്പിടി
5. ആനക്കര മർക്കന്റലിൻ സഹകരണ സംഘം, ആനക്കര
6. സെന്റർ ഫോർ ഹാർമോണിയ്സ് ലിവിംഗ്, കുമ്പിടി
7. ഗസൽ ഗോൾഡ് പ്രൈ. ലിമിറ്റഡ്, കുമ്പിടി
8. ക്ഷീരോൽപാദക സഹകരണ സംഘം, കൂടല്ലൂർ
9. ക്ഷീരോൽപാദക സഹകരണ സംഘം, കുമ്പിടി
10. യോഗക്ഷേമം ലോൺ & ഗോൾഡ് ലോൺ, കുമ്പിടി
11. തൃശ്ശൂർ ഗോൾഡ്, കുമ്പിടി

<u>ഡി. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

1. ക്ഷീരോൽപാദക സഹകരണ സംഘം, കൂടല്ലൂർ
2. ക്ഷീരോൽപാദക സഹകരണ സംഘം, കുമ്പിടി
3. യോഗക്ഷേമം ലോൺ & ഗോൾഡ് ലോൺ, കുമ്പിടി
4. തൃശ്ശൂർ ഗോൾഡ്, കുമ്പിടി

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.03/17.11.2020 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്

സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## എ. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിട്ടില്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

ബി. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിലെ നിലവിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 1546 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | | ഇനം | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br><br>100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1399 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 14 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | - |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 3 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | - |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 11 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് | 65 |
| IV | 1 | വ്യവസായം<br><br>ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി | 3 |

| | | | |
|---|---|---|---|
| | | ഷെഡ്, തടിമില്ല് | |
| | 2 | ഇതര വ്യവസായം | 51 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 395 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>സി. ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു</u>

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

<u>ഡി. കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/ തസ്വഭവ തീ. 12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ. 17-09-2009, സർക്കുലർ നം. 66771/ഡി ബി2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

<u>ഇ. ലൈവ് സ്റ്റോക്ക് ഫാമുകൾ പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല</u>

2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഫാമിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് നം. |
|---|---|---|---|
| 1 | കെ വി സൺസ് പോൾട്രി ഫാം | മുഹമ്മദലി, കുറത്ത് വളപ്പിൽ വീട് | 252/18-19 |
| 2 | ലക്ഷ്മി ഫാം | അശോക് കുമാർ, പുള്ളുവൻ വളപ്പിൽ വീട് | 280/18-19 |

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമപഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറു മാസത്തിലൊരിക്കൽ ലൈവ്സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

<u>എഫ്. റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.02/16.11.2020 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 വാടക -അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ പറയുന്ന മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേര് | മാസ വാടക |
|---|---|---|---|
| 1 | 15/147A | അബ്ദുൾ ജബാർ | 6900 |
| 2 | 15/147B,C | മുഹമ്മദ് മൊയ്തീൻ | 9300 |
| 3 | 15/147D | നിഫ ബാലൻ | 4000 |
| 4 | 15/147E | ഇബ്രാഹീംകുട്ടി | 3250 |
| 5 | 15/147F | അഗ്രികൾച്ചർ ഓഫീസർ | 1000 |

വാടക രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>എ. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ അടിസ്ഥാന വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്</u>

പഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 6 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന്റെ നിർമ്മാണം, പൂർത്തീകരണം, പ്ലാനുകൾ, പരിപാലനം മുതലായവയുടെ വിവരങ്ങളൊന്നും പഞ്ചായത്തിൽ നിലവിൽ ലഭ്യമല്ല. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന് 15 വർഷത്തിന് മുകളിൽ കാലപ്പഴക്കമുണ്ട്. ആയതിനാൽ കെട്ടിടങ്ങളുടെ പരിപാലനം സമയബന്ധിതമായി പൂർത്തീകരിക്കാൻ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ അടിസ്ഥാന വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ബി. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണം</u>

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>സി. വാടക കരാർ ചട്ട പ്രകാരം ചമക്കേണ്ടതാണ്</u>

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിലല്ല വാടകക്കാരുമായി കരാർ ചമച്ചിട്ടുള്ളത്. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഡി. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - ചട്ട പ്രകാരമുള്ള സംവരണം നൽകേണ്ടതാണ്</u>

2005 ലെ കേരള പഞ്ചായത്ത് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കുവേണ്ടിയും, 3% ഭിന്നശേഷി വിഭാഗങ്ങൾക്കും സംവരണം ചെയ്തു നൽകേണ്ടതാണ്. 2018-19 വർഷത്തെ വാടക

രജിസ്റ്റർ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും സംവരണം ചെയ്യപ്പെട്ട മുറികളുടെ വിശദാംശങ്ങൾ രജിസ്റ്ററുകളിൽ ലഭ്യമല്ല. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും അർഹമായ കടമുറികൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ. വാടക തുകയുടെ കൂടെ ചരക്ക് സേവന നികുതി ഈടാക്കേണ്ടതാണ്

വാടക രജിസ്റ്റർ പ്രകാരം കെട്ടിട വാടക ഇനത്തിൽ 2018-19 ലെ ആകെ വരവ് 293400/- രൂപയാണ്. എന്നാൽ വാടക തുകയുടെ കൂടെ ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല. 2017-ലെ ചരക്ക് സേവന നികുതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം GST ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്.
ഈടാക്കാവുന്ന ചരക്ക് സേവന നികുതി – 293400*18% = 52812/- രൂപ.

എഫ്. വാടക - വാർഷിക വർദ്ധനവ് വരുത്തുന്നില്ല

2017-18 ലെ കെട്ടിട മാസ വാടകയുടെ അതെ നിരക്കിലാണ് 2018-19 ലെ വാടകയും നിശ്ചയിച്ചിട്ടുള്ളത്. കെട്ടിട വാടകയിന്മേൽ നിശ്ചിത ശതമാനം വാർഷിക വർദ്ധനവ് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.06/18.11.2020 ന് ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികതി കുറവായി നിർണ്ണയിച്ചു - കുറവായ തുക ഈടാക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. മേൽ ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികതി ചുമത്തേണ്ടതാണ്. ആനക്കര ഗ്രാമപഞ്ചായത്തിൽ 100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ.ന് 50/- രൂപയും 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 60/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ നികുതി

നിർണ്ണയിക്കപ്പെട്ടിട്ടുള്ള 100 ച.മീ. ന് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ കെട്ടിടങ്ങളും വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്ക് ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 50/- രൂപ നിരക്കിൽ നികുതി ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം ($m^2$) |
|---|---|---|---|---|
| 1 | 3/235J മുതൽ 3/235R വരെ | മുജീബ് റഹ്മാൻ & ആദേൽ, തറമ്മൽ വീട് | വാണിജ്യം | 214 |
| 2 | 3/402R മുതൽ 3/402X വരെ | ശ്രീധരൻ യു പി, ഊരത്ത് പള്ളിയാലിൽ | വാണിജ്യം | 207.99 |
| 3 | 3/34A മുതൽ 3/34X വരെ | ഷാജു അപ്പത്തുംകാട്ടിൽ & ജിംജേഷ് തോട്ടുങ്ങൽ | വാണിജ്യം | 448.79 |
| 4 | 3/235A മുതൽ 3/235I വരെ | മുജീബ് റഹ്മാൻ & ആദേൽ, തറമ്മൽ വീട് | വാണിജ്യം | 147.67 |
| 5 | 9/205A മുതൽ 9/205D വരെ | അബ്ദുൾ റഹിമാൻ & മൈമൂന പള്ളിയാലിൽ | വാണിജ്യം | 138.75 |
| 6 | 12/302A മുതൽ 12/302F വരെ | സിദ്ധീഖ് യു കെ, ഉദിനിക്കുട്ടിൽ വീട് | വാണിജ്യം | 219.42 |
| 7 | 12/264A മുതൽ | ഉമ്മർ, തച്ചുവീട്ടിൽ | വാണിജ്യം | 391.16 |

| | | | | |
|---|---|---|---|---|
| | 12/264H വരെ | | | |
| 8 | 3/32A മുതൽ 3/32T വരെ | ഷാജു അപ്പത്തുംകാട്ടിൽ & ജിംജേഷ് തോട്ടുങ്ങൽ | വാണിജ്യം | 315.59 |
| 9 | 2/319A മുതൽ 2/319G വരെ | ഷാജി, കുടല്ലൂർ പറമ്പിൽ | വാണിജ്യം | 113 |
| 10 | 3/300A മുതൽ 3/300L വരെ | മുജീബ് റഹ്മാൻ, തറമ്മൽ വീട് | വാണിജ്യം | 291.59 |
| 11 | 7/33B മുതൽ 7/33G വരെ | ഖദീജ, കാടൻകുളത്തിൽ | വാണിജ്യം | 139.89 |
| 12 | 7/32C മുതൽ 7/32F വരെ | സെയ്തലവി, വടക്കേക്കര | വാണിജ്യം | 121 |
| 13 | 12/254A മുതൽ 12/254K വരെ | രവീന്ദ്രൻ, മുന്നുകുടിയിൽ | വാണിജ്യം | 267.4 |
| 14 | 15/146A മുതൽ 15/146P വരെ | മൂസ, കോണിക്കൽ | വാണിജ്യം | 293.36 |
| ആകെ വിസ്തീർണം | | | | 3309.61 |

നിലവിലെ അടിസ്ഥാന വസ്തുനികുതി – 3309.61*50 = 165481/- രൂപ

കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി – 3309.61*60 = 198577/- രൂപ

അടിസ്ഥാന വസ്തു നികുതി വ്യത്യാസം 198577 - 165481 = 33096/- രൂപ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/19.11.2020) മറുപടി നൽകിയിട്ടില്ല. സഞ്ജയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തുനികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ക്യാഷ്ബുക്ക് സൂക്ഷിക്കുന്നതിൽ ചട്ടം പാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ-7എ കാഷ്ബുക്കിൽ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരവു ചെലവു വിവരം രേഖപ്പെടുത്തണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ താഴെ പറയുന്ന നിർവ്വഹണോദ്യോഗസ്ഥർ, പഞ്ചായത്ത് പ്രോജക്റ്റുകൾക്കായി പ്രത്യേകം കാഷ്ബുക്ക് സൂക്ഷിച്ചതായി കാണുന്നു. ആയത് ഒഴിവാക്കി ഒരു ക്യാഷ്ബുക്ക് മാത്രം സൂക്ഷിക്കേണ്ടതാണ്. ഓരോ പഞ്ചായത്തിനേയും സംബന്ധിച്ച ഇടപാടുകൾ രേഖപ്പെടുത്തുവാൻ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്.

1. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)
2. മെഡിക്കൽ ഓഫീസർ (ആയുർവേദം)
3. ഹെഡ്മാസ്റ്റർ
4. ഐ.സി.ഡി.എസ്. സൂപ്പർവൈസർ
5. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
6. കൃഷി ഓഫീസർ

1-17 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ട പ്രകാരം പഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണം നം. 08/18.11.2020 നുള്ള മറുപടിയിൽ അടുത്ത പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ വിഷയം ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചട്ട പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാറ്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

1-18 തെരുവ് ടാപ്പുകൾ നടത്തിപ്പ് കാര്യക്ഷമമല്ല

തൻവർഷം തെരുവ് ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ ഏപ്രിൽ മാസത്തിൽ 132563 രൂപയും മറ്റു മാസങ്ങളിൽ 123375 രൂപ വീതവും ഉൾപ്പെടെ ആകെ 1489688 രൂ. ചെലവഴിച്ചിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റിയുടെ ഷൊർണ്ണൂർ ഓഫീസിൽ ആണ് തുക

അടവാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിരിക്കുന്നു.

- പഞ്ചായത്ത് പ്രദേശത്ത് എത്ര തെരുവ് ടാപ്പുകളുണ്ട് എന്നത് സംബന്ധിച്ച് പ്രാദേശിക പരിശോധന നടത്തിയിട്ടില്ല.
- കേരളാ വാട്ടർ അതോറിറ്റിയുടെ ഷൊർണ്ണൂർ ഓഫീസിൽ നിന്നും നൽകുന്ന ഡിമാന്റ് നോട്ടീസിൽ കുടിശ്ശിക 152482 രൂപയും ആയതിന്റെ പിഴയായി ഓരോ തുകയും (ഈ തുക ഓരോ മാസവും വ്യത്യാസം വരുന്നു) തൻമാസത്തെ ഡിമാന്റ് തുകയായി 123375 രൂപയും ചേർത്താണ് ആകെ തുക കണക്കാക്കുന്നത്. ഇതിൽ തൻമാസത്തെ ഡിമാന്റ് തുക മാത്രമാണ് ഓരോ മാസവും അടവാക്കുന്നത്. കുടിശ്ശിക അടവാക്കുന്നത് / ഒഴിവാക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല.
- മേൽസൂചിപ്പിച്ച കുടിശ്ശിക വരാനുണ്ടായ കാരണങ്ങൾ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/18-11-2020ന് ലഭ്യമാക്കിയ മറുപടിയിൽ വളരെയധികം കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് ആയതിനാൽ കൂടുതൽ പരിഗണന ഇക്കാര്യത്തിൽ നൽകുന്നു എന്നും സംയുക്ത പരിശോധന നടത്താൻ ഉടൻ നടപടികൾ സ്വീകരിക്കും എന്നും കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കും എന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-19 തെരുവ് വിളക്കുകളുടെ സ്ഥിതി വിവര കണക്കുകൾ സൂക്ഷിച്ചിട്ടില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജായി ഓരോ മാസവും കെ.എസ്.ഇ.ബിയിൽ നിന്ന് ലഭ്യമാകുന്ന ബില്ലിലെ തുക അടവാക്കുന്നതല്ലാതെ ആയതിന് അടിസ്ഥാനമാക്കിയ സ്ഥിതി വിവര കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തൻവർഷം ആകെ 607599 രൂ. ആണ് അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളത് (കണ്ടിജൻസി റജിസ്റ്റർ പ്രകാരം). സംയുക്ത പരിശോധനയും നടന്നിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/18-11-2020ന് ലഭ്യമാക്കിയ മറുപടിയിൽ സംയുക്ത പരിശോധന നടത്താൻ ഉടൻ നടപടികൾ സ്വീകരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 കുടിവെള്ള കണക്ഷന്റെ ചെലവ് വിവരങ്ങൾ/ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഗുണഭോക്താക്കളിൽ നിന്ന് ലഭ്യമാക്കാതെ ആനുകൂല്യം നൽകിയിരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

പ്രോജക്ട് നം. SO 193/19 പ്രകാരം വ്യക്തിഗത കുടിവെള്ള കണക്ഷൻ (പദ്ധതി വിഹിതം

-എസ്.സി) എന്ന പ്രോജക്റ്റിന് ട്രഷറി ബിൽ നം. 2/18-19, Dt. 12-9-2018 പ്രകാരം 60000 രൂപയും ബിൽ നം. 4/18-19, Dt. 12-9-2018 പ്രകാരം 67500 രൂപയും ഉൾപ്പെടെ ആകെ 127500രൂ. ചെലവഴിച്ചിട്ടുണ്ട്. 17 ഗുണഭോക്താക്കൾക്ക് 7500രൂ. വീതം ആണ് ചെലവഴിച്ചിരിക്കുന്നത്. എന്നാൽ ഗുണഭോക്താക്കൾ ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ (വാട്ടർ അതോറിറ്റിയിൽ അടച്ച 562 രൂപ ഒഴികെ) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഏകദേശ ചെലവ് സംബന്ധിച്ച് റഫ് കോസ്റ്റ് എസ്റ്റിമേറ്റും ഗുണഭോക്താക്കളിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/17-11-2020) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ കണക്ഷൻ എടുത്തു എന്ന് ഉറപ്പാക്കിയ ശേഷമാണ് തുക നൽകിയിട്ടുള്ളത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

എസ്.സി. ഗുണഭോക്താക്കൾക്ക് ചെലവ് തുകയുടെ 100ശതമാനവും സബ്സിഡി നൽകാമെന്നിരിക്കെ ചെലവ് വിവരങ്ങൾ വ്യക്തമാക്കാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല

2018-19ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 282/-രൂപ നിരക്കിൽ ബാരലിന്റെ വില കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. (ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (12/19.11.2020)ക്ക് മറുപടി ഒന്നും ലഭിച്ചിട്ടില്ല)

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം.-,തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (as per adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 282/- |
|---|---|---|---|---|
| 1. | 71/18— ഉമ്മത്തൂർ കിണർ നിരപ്പ് | 3/6-8-18 | VG-30-1626.22/156 | 11X282= 3102 |

| | | | | |
|---|---|---|---|---|
| | റോഡ് റീടാറിംങ് ടാറിംങ്<br>--രമേഷ് ബാബു | 195700/-<br>49/18-19 | =10.42<br>RS1-148.05/200<br>=.74 | |
| 2. | 133/18-മണ്ണാൻ പടി-തട്ടാൻപടി റോഡ്<br>റീടാറിംങ്<br>--രാജീവ് കുമാർ വി.പി | 4/06-8-18<br>269595/-<br>32/18-19 | VG-30 – 2174.18/156<br>13.93<br>RS1-195.75/200<br>0.97 | 15X282=4230 |
| 3. | 159/19-ശ്മശാനം റോഡ് റീ ടാറിംങ്<br>--<br>വി.പി.രാജീവ് കുമാർ | 88/22-3-19<br>247880/-<br>113/18-19 | VG-30 – 1978.04/156<br>=12.67<br>RS1-184.73/200<br>=.92 | 13x282=3666 |
| 4. | നെയ്യൂർ-ചോലപ്പറമ്പ് 124/19 റോഡ് റീ ടാറിംങ്<br>--സുപ്രിം ഇൻഫ്ര | 93/22-3-19<br>167799/-<br>112/18-19 | VG-30 – 433.59/156<br>=2.77<br>SS1-174.67/182<br>=.95<br>RS1-56.51/200<br>=0.28 | 4X282=1128 |
| 5. | 102/19-പുല്ലാനിച്ചോല റോഡ് റീടാറിംങ് | 94/20-3-19<br>198780/-<br>136/18-19 | VG-30 – 1437.33/156<br>=9.2 | 10X282=2820 |

| | | | | |
|---|---|---|---|---|
| | ----സുപ്രിം ഇൻഫ്ര | | RS1- 131.35/200 =0.65 | |
| 6. | 72/19- അരീക്കൽ പാടം റോഡ് റീടാറിംങ് --- വി.പി.രാജീവ് കുമാർ | 87/22-3-19 114221/- 114/18-19 | 916.65/156 5.87 79.016/200 =0.39 | 6x282=1692 |
| 7. | 135/18- പാറക്കടവ്- അയ്യപ്പൻകാവ് റോഡ് ടാറിംങ് വി.പി.രാജീവ് കുമാർ | 70/26-2-19 183263 107/18-19 | VG-30 – 465.27/156 =2.98 SS1- 187.43/182 =1.02 RS1- 60.64/200 =0.30 | 4x282=1128 |
| | | | ആകെ | 17766 |

1-22 തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ തുക നൽകിയിരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പ്രോജക്ട് (നം. 178/19- ധനകാര്യ കമ്മീഷൻ ഗ്രാന്റ്) മുഖേന ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 600 എൽ. ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്ടിൽ ഉദ്ദേശിച്ചിട്ടുള്ളത്. ആയതിന്റെ തുകയായി 856800രൂ. ഉഷ ഇലക്ട്രോണിക്സ്, കുറ്റനാട് എന്ന സ്ഥാപനത്തിലേക്ക് ബിൽ നം. 30/18-19, Dt. 26-3-19 പ്രകാരം നൽകിയിട്ടുണ്ട്. ടി ലൈറ്റുകൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചു എന്നത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ഇതു സ്ഥാപിച്ചതിന് ശേഷം തെരുവ് വിളക്കുകളുടെ വൈദ്യുതി

ചാർജിൽ വ്യത്യാസം വന്നിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/ 17-11-2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. തുടർനടപടികൾ സ്വീകരിച്ച് ഇതു സംബന്ധിച്ച് വ്യക്തത വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 ഇ-ടെന്റർ ഇനത്തിൽ ലഭ്യമായ തുക തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ- ടെന്റർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനു പകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചു വന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് 39974രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി. എഞ്ചിനീയറുടെ 67052300675/SBI കൂടല്ലൂർ എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം നം. 12/19.11.2020 )

1-24 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

1) പ്രോജക്ട് നം. SO 2/19 പ്രകാരം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ജനറൽ) എന്ന പ്രോജക്ടിന് ട്രഷറി ബിൽ നം. 17/18-19, Dt. 28-12-2018 പ്രകാരം 5,00,000രൂ. അടവാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിലേക്കാണ് തുക അടവാക്കിയിട്ടുള്ളത്. പള്ളിയാൽ കോളനി റോഡ് വാർഡ്-9, അമേറ്റി കോളനി വാർഡ് -2, മുത്തുവിളയും കുന്ന് വാർഡ് -4, കൊളങ്ങര പറമ്പിൽ വാർഡ് -4, ഡോ. ഹൈദർകുട്ടി റോഡ് വാർഡ്- 5 എന്നീ പ്രദേശങ്ങളിലാണ് പൈപ്പ് ലൈൻ നീട്ടാൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രവും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) പ്രോജക്ട് നം. SO 4/19 പ്രകാരം ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (ജനറൽ) എന്ന പ്രോജക്ടിന് ട്രഷറി ബിൽ നം. 14/18-19, Dt. 23-11-2018 പ്രകാരം 4,00,000രൂ. അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രവും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പ്രോജക്ട് നം. SO 3/19 പ്രകാരം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.സി) എന്ന പ്രോജക്ടിന് ട്രഷറി ബിൽ നം. 16/18-19, Dt. 28-12-2018 പ്രകാരം 5,00,000രൂ. അടവാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിലേക്കാണ് തുക അടവാക്കിയിട്ടുള്ളത്. തുറയാറ്റിൻ കുന്ന് കോളനി വാർഡ്-9, തേനാംകുന്ന് കോളനി വാർഡ് -7, നാലു സെന്റ് കോളനി വാർഡ് -7, എന്നീ പ്രദേശങ്ങളിലാണ് പൈപ്പ് ലൈൻ നീട്ടാൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രവും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളുടെ പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം ഉത്തരവാദപ്പെട്ട അധികാരികളിൽ നിന്ന് വാങ്ങി ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 4/ 17.11.2020 കാണുക)

## 1-25 തൊഴിലുറപ്പ് പദ്ധതി-ഒരു അവലോകനം

തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ തൻ വർഷം ഏറ്റെടുത്തു നടത്തിയ വിവിധ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പ്രവൃത്തി വിഭാഗം | പ്രവൃത്തികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | IHHL | 4 | 56174 |
| 2 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 10 | 1721964 |
| 3 | തൊഴുത്ത് നിർമ്മാണം | 4 | 161020 |
| 4 | ഭൂവികസനം | 78 | 7133220 |
| 5 | റോഡ് കോൺക്രീറ്റിംഗ് | 10 | 2896808 |
| 6 | മൺറോഡ് നിർമ്മാണം | 27 | 2628624 |
| 7 | കിണർ നിർമ്മാണം | 15 | 648324 |
| 8 | അഴുക്ക് ചാൽ നിർമ്മാണം | 18 | 3148332 |
| 9 | കിണർ ആൾമറ നിർമ്മാണം | 1 | 26058 |
| 10 | നഴ്സറി നിർമ്മാണം | 1 | 300000 |
| | ആകെ | 168 | 18720524 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- പ്രത്യേക പരാമർശങ്ങൾ ഇല്ല

.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- പ്രത്യേക പരാമർശങ്ങൾ ഇല്ല

-

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| | കണക്കുകൾ പരിശോധിച്ച<br>തീയതി | |
| 2018-19 | 4-7-19 | നം.കെ.എസ്.എ-പികെഡി-21/997/2019(6) തി.26-8-19 |

4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 134400 | ലൈഫ് മിഷൻ തുക വകയിരുത്തൽ -ജനറൽ (119/18-19) | 134400 | 0 |
| | | 1066000 | ലൈഫ് മിഷൻ തുക വകയിരുത്തൽ- SC- (160/18-19) | 1066000 | |
| | | 100000 | പാലിന് സബ്സിഡി (ജനറൽ)-243/18-19 | 100000 | 0 |
| | | 1794934 | നെൽകൃഷി ഉഴവ് കൂലി (ജനറൽ)-20/18-19 | 0 | 1794934 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 280000 | ലൈഫ് മിഷൻ തുക വകയിരുത്തൽ -ജനറൽ (119/18-19) | 280000 | 0 |
| | | 1990781 | ലൈഫ് മിഷൻ തുക വകയിരുത്തൽ (SC)-17/18-19 | | 1990781 |
| | | 696800 | നെൽകൃഷി ഉഴവ് കൂലി (ജനറൽ)-20/18-19 | 696800 | 0 |
| | | 100000 | പാലിന് സബ്സിഡി (ജനറൽ)-243/18-19 | 100000 | 0 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള | 2/18-19പൈപ്പ് | | 500000 | 500000 |

| | | | | |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | ലൈൻ സ്ഥാപിക്കൽ (ജനറൽ) | 17/18-12-18 | | |
| കേരള വാട്ടർ അതോറിറ്റി | 3/18-19പൈപ്പ് ലൈൻ സ്ഥാപിക്കൽ | 16/18-12-18 | 500000 | 500000 |
| KSEB | 32/18-19-സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | 10/12-10-18 | 299095 | 299095 |
| KSEB | SO4/18-19 -ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (ജനറൽ) | 14/23-11-18 | 400000 | 400000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 6594410 രൂപ വരവുണ്ട്.

തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരു ന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് | - | 6594410 | 0 | 0 | 0 | 6594410 |

| | | | | | | | |
|---|---|---|---|---|---|---|---|
| പദ്ധതി ലോൺ | | | | | | | |

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും അടവാക്കിയിട്ടില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

--ഒന്നുമില്ല--

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 105917246 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61683854 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17766 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 17766 | വിപിൻ നാഥ് എസ്.എസ്, അസി.എഞ്ചിനീയർ |

ഡി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ് ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിപിൻനാഥ്.എസ്.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി കോട്ടങ്ങൽ ഗ്രാമപഞ്ചായത്ത് മല്ലപ്പള്ളി ബ്ലോക്ക് പത്തനംതിട്ട ജില്ല | അനഘ രവിവർമ്മ, ആറ്റിങ്ങൽ(പി.ഒ) തിരുവനന്തപുരം ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1996-97 | LFP11-1491/97 dt.14.11.2008 | FR |
| 1997-98 | LF.P11-1492/97 dt.14.11.2008 | FR |
| 1998-99 | LF.P11/20678/12 04-04-12 | FR |
| 1999-00 | LF.P11/759/09/ 07-12-09 | FR |
| 2000-01 | LF.P/20/6513/12 -04-12 | FR |
| 2001-02 | | |
| 2002-03 | LF.P /20 679/ (1) 12 - 21-08-13 | FR |
| 2003-04 | LF./20/679/(2)/12 19-08-13 | FR |
| 2004-05 | LF.P/20/679/(3)/ 17-08-13 | FR |
| 2005-06 | LF.P/20/679/(4)/13- 17-09-12 | FR |
| 2006-07 | LF.P/20/1699/11(2)/ 12-04-12 | FR |
| 2007-08 | | |
| 2008-09 | | |
| 2009-2010 | LFP20/1003/13/ 03-12-13 | FR |

| | | |
|---|---|---|
| 2010-2011 | | |
| 2011-12 | L.FP20/752/2014/ 08-08-14 | FR |
| 2012-13 | KSA-PKD-20-231-15 | FR |
| 2013-14<br><br>2014-15 | KSA-PKD-20/1092/16 | FR |
| 2015-16 | KSA-PKD20/ 2289 /2016 dt.31-12-2016 | FR |
| 2016-17 | KSA-PKD-20/ 1762 /2017 dt.6-10-2017 | FR |
| 2017-18 | KSA-PKD-20-787/2019 dt.20-6-19 | FR |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി.21/997/2019/(6)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി.26.08.2019

ഫോൺ - 04912-520145

ഇ-മെയിൽ - dopkd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ചും, പാഞ്ചായത്ത് രാജ്/ നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി ഡിമാന്റ് -കളക്ഷൻ- ബാലൻസ് തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്താണ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി യിരിക്കുന്നത്. എന്നാൽ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദവിവരങ്ങളടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

2. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.

3. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല.

4. മെഡിക്കൽ ഓഫീസർ പി എച്ച് സി TR 7A ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല.

5. 31.03.2019 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

7. തൊഴിൽ നികുതി, വാടക ഡിമാന്റ് രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനത്തിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. താഴെ ചേർത്തിരിക്കുന്ന ചെലവിനങ്ങൾ AFS ഉം ACR ഉം തമ്മിൽ വ്യത്യാസം കാണുന്നു.

| ക്രമ നം. | ഇനം | AFS പ്രകാരം | ACR പ്രകാരം |
|---|---|---|---|
| 1 | MG -road | 9042685 | 9171979 |
| 2 | MG non-road | 2040087 | 2052461 |
| 3 | വികസന ഫണ്ട്-ജനറൽ | 23415477 | 11289231 |
| 4 | വികസന ഫണ്ട്-എസ് സി പി | 24014867 | 10544234 |
| 5 | സി എഫ് സി | 7480647 | 3727937 |

9. വിവിധ വരവിനങ്ങൾ AFS ഉം ഡിമാന്റ് രജിസ്റ്ററും തമ്മിൽ വ്യത്യാസം കാണുന്നു.

| ക്രമ നം | ഇനം | AFS പ്രകാരം | DCB പ്രകാരം |
|---|---|---|---|
| 1 | തൊഴിൽ നികുതി -ട്രേഡേഴ്സ് | 145928 | 110848 |
| 2 | ഡി & ഓ - അഡ്വാൻസ് | 63600 | 42950 |
| 3 | തൊഴിൽ നികുതി - ട്രേഡേഴ്സ് അഡ്വാൻസ് കളക്ഷൻ | 92020 | 116596 |

10. ജീവനക്കാരുടെ തൊഴിൽ നികുതി,വാടക എന്നീ വരവിനങ്ങളുടെ ഡി സി ബി രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

11. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD21/997/2019/(6)

Kerala State Audit Department,
District Audit Office, Palakkad,

Date.26.08.2019

Phone Number: 04912 520145

## CERTIFICATE

Certified that 1 have examined the Annual Financial Statement of Anakkara Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions.

In my opinion the financial Statement of Anakkara Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

## Abstracts of defects / Discrepancies

1. Property Tax Demand - Collection - Balance in Sanjaya Software is matched to the Annual Financial Statement by Book Adjustment. But details of the adjustment were not made available for verification.

2. Depreciation has been recorded for the assets but the asset register is not complete and the accuracy of the charged amount could not be ascertained.

3. The stock register is not maintained as value based.

4. The Cash Book maintained by the Medical Officer PHC is not in TR 7A format.

5. Bank reconciliation statements as on 31.03.2019 is not certified and produced for verification by the Secretary.

6. The Deposit Register not produced for verification.

7. The annual abstract of Profession tax and Rent not prepared and certified in the respective Demand Register.

8. The amount under the following headss in AFS do not agree with that in Appropriation Control Register.

| Sl no | Item | Figures in AFS | Figures in ACR |
|---|---|---|---|
| 1 | MG -road | 9042685 | 9171979 |
| 2 | MG non-road | 2040087 | 2052461 |
| 3 | Development fund - General | 23415477 | 11289231 |
| 4 | Development fund - SCP | 24014867 | 10544234 |
| 5 | CFC | 7480647 | 3727937 |

9. The amount received in AFS does not agree with that in Demand Register

| Sl No. | Item | Figures in AFS | Figures in DCB |
|---|---|---|---|
| 1 | Profession tax - traders | 145928 | 110848 |
| 2 | D & O - advance | 63600 | 42950 |
| 3 | Profession tax traders-advance collection | 92020 | 116596 |

Deputy Director

അനുബന്ധം-2

ഓഡിറ്റ് ചെയ്ത വാർഷികക്കണക്കുകളുടെ സംക്ഷിപ്തം

1) INCOME & EXPENDITURE STATEMENT
For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3437351.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 294400.00 |
| 140000000 | Fee & User Charges | I-4(b) | 446253.00 |
| 150000000 | Sale & Hire Charges | I-5(b) | 201830.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 74788275.00 |
| 170000000 | Income from Investments | I-7 | 3828.00 |
| 171000000 | Interest Earned | I-8 | 118242.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 350.00 |
| | Total Income | | 79290529.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8017385.00 |
| 220000000 | Administrative Expenses | I-11(b) | 1221895.00 |
| 230000000 | Operations & Maintenance | I-12(b) | 3288017.00 |
| 240000000 | Interest & Finance Charges | I-13 | 4080.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4491100.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 17515437.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1194689.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 659742.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 316142.00 |
| 255000000 | Maintenance Projects | I-14(e) | 12383337.00 |
| 260000000 | Grants, Contributions & Compensation from | I-15 | 5000.00 |

| | | | |
|---|---|---|---|
| | Own Fund / Subsidies | | |
| | Total Expenditure | | 49096824.00 |
| | Gross Surplus/ Deficit of income over Expenditure | | 30193705.00 |
| 280000000 | Prior Period Item | I-18 | -29199.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 30222904.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

2) RECEIPT & PAYMENT STATEMENT
For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12415512.00 |
| Cash | Cash | RP-40(a) | 133920.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 687170.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 140000000 | Fees & User Charges | RP-4 | 360703.00 |
| 150000000 | Sale & Hire Charges | RP-5 | 201830.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 74788275.00 |
| 171000000 | Interest Earned | RP-9 | 118242.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5873822.00 |
| 350000000 | Other Liabilities | RP-36 | 178666.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 3828.00 |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 350.00 |
| 330000000 | Secured Loans | RP-32 | 6594410.00 |
| 340000000 | Deposits Received | RP-34 | 668399.00 |
| 350000000 | Other Liabilities | RP-36 | 194640.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3672479.00 |
| 460000000 | Loans, Advances and Deposits | RP-47 | 24000.00 |
| | Grand total | | 105917246.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3266594.00 |
| 220000000 | Administrative Expenses | RP-12 | 1221895.00 |
| 230000000 | Operations & Maintenance | RP-13 | 3344411.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4491100.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17515437.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1194689.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 659742.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 316142.00 |
| 255000000 | Maintenance Projects | RP- | 12383337.00 |

| | | | |
|---|---|---|---|
| | | 20 | |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000.00 |
| 280000000 | Prior Period item | RP-26 | 27732.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1137163.00 |
| 350000000 | Other Liabilities | RP-36 | 3584790.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 4080.00 |
| 280000000 | Prior Period Item | RP-26 | -4200.00 |
| 340000000 | Deposits Received | RP-34 | 36500.00 |
| 350000000 | Other Liabilities | RP-36 | 1316490.00 |
| 410000000 | Fixed Assets | RP-38 | 2254025.00 |
| 412000000 | Capital work in Progress | RP-40 | 2857533.00 |
| 430000000 | Stock-in-hand | RP-42 | 30000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 560.00 |
| 440000000 | Pre-paid Expenses | RP-45 | 4960000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1080834.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 44174379.00 |
| Cash | Cash | RP-40(b) | 59013.00 |
| | Grand Total | | 105917246.00 |

3)BALANCE SHEET
For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 44628092.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 21514678.00 |
| | Total Reserve & Surplus | | 66142770.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6394916.00 |
| | Total Grants, Contributions for Specific Purposes | | 6394916.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 6594410.00 |
| | Total Loans | | 6594410.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 4286841.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3247176.65 |
| | Total Current Liabilities and Provisions | | 7534017.65 |
| | TOTAL LIABILITIES | | 86666114.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 31197381.00 |
| | | | |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -468701.00 |
| 412000000 | Capital Work in Progress | B-11(a) | 3046197.00 |
| | Total Fixed Assets | | 33774877.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 13700.00 |
| | Total Investments | | 13700.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 30000.00 |
| 431000000 | Sundry Debtors (Receivables) | B-15 | 58109.00 |
| 440000000 | Pre-paid Expenses | B-16 | 4960000.00 |

Digitally signed by Secretaty

Deputy Director